(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ഹോട്ടലുകളുടെയും റസ്റ്റോറന്റുകളുടെയും മറ്റു ഭക്ഷ്യ വസ്തു നിർമ്മാണ യൂണിറ്റുകളുടെയും പരിശോധനയ്ക്ക് ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടോ;

(ബി) ആവശ്യാനുസരണം മാത്രം ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്ന നിലവിലുള്ള സമ്പ്രദായം മാറ്റി യഥേഷ്ടം ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ഭക്ഷ്യ സുരക്ഷ വകുപ്പിന് ലഭ്യമാക്കുന്ന തരത്തിൽ ഭക്ഷ്യ സുരക്ഷ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച പഠനം നടത്തുവാനും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ നിയമപരമായ ചുമതലകളും യോഗ്യതകളും ഉത്തരവാദിത്വങ്ങളും 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി ചുമതലകളും ഉത്തരവാദിത്വങ്ങളും മറ്റൊരു ഉദ്യോഗസ്ഥന് കൈമാറുന്നതിന് നിർവ്വാഹമില്ല. ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള വിശദമായ പഠനം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിവരികയാണ്.

സംസ്ഥാനത്തെ പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യന്മാരുടെ തൊഴിൽ പ്രശ്നങ്ങൾ

8(4291) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യന്മാരുടെ തൊഴിൽ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) നിലവിൽ ജോലി ചെയ്യുന്ന ടെക്നീഷ്യൻമാർക്ക് രജിസ്ട്രേഷൻ നൽകാൻ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) നിലവിലുള്ള ടെക്നീഷ്യന്മാരുടെ തൊഴിൽ സംരക്ഷണം സർക്കാർ ഉറപ്പുവരുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം ഉറപ്പ് വരുത്താൻ ക്വാളിറ്റി കൺട്രോൾ നടപ്പിലാക്കുമോ;

(ഇ) ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി &സി) ബാധകമല്ല.

(ഡി) തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ താഴെപ്പറയുന്ന അക്രഡിറ്റേഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. എൻ.എ.ബി.എച്ച്. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ-പ്രൊവൈഡേഴ്സ്)

2. കെ.എ.എസ്.എച്ച്. (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ്)

3. നാഷണൽ സ്റ്റാൻഡേർഡ് (ദേശീയ നിലവാര സർട്ടിഫിക്കേഷൻ)

4. Q.C.I. (Essential Standard Certification)

ആശുപത്രികളുടെ അക്രഡിറ്റേഷൻ നടപ്പാക്കുമ്പോൾ ആശുപത്രികളിൽ പ്രവർത്തിക്കുന്ന മെഡിക്കൽ ലബോറട്ടറികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കെ.എ.എസ്.എച്ച്. നാഷണൽ അക്രഡിറ്റേഷൻ കൂടുതൽ ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ നടപ്പാക്കുന്നുണ്ട്.

(ഇ) ബാധകമല്ല.

ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

9(4292) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ ജില്ലാടിസ്ഥാനത്തിലും അതിന് താഴെയുമുള്ള ഓഫീസുകളുടെയും പ്രവർത്തനരീതിയും ഘടനയും ഉദ്യോഗസ്ഥ വിന്യാസവും ഏതു തരത്തിലാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly